# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം.*500
## 23/07/2015 - ലെ മറുപടിക്ക്

## പദ്ധതി ചെലവുകൾക്കുള്ള തുകയുടെ അപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ചെലവും വരുമാനവും തമ്മിലുള്ള വൻ അന്തരം പദ്ധതി പ്രവൃത്തികൾ പ്രാബല്യത്തിലാക്കുന്നതിന് പ്രതിസന്ധി സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | പന്ത്രണ്ടാം പദ്ധതി നിലവിൽ വന്ന 2012-13 വർഷം മുതലുള്ള വാർഷിക പദ്ധതി അടങ്കലും ചെലവും താഴെപ്പറയുന്നു. |

(തുക കോടിയിൽ)

| വർഷം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് |
|---|---|---|
| 2012-13 | 14010 | 12181 |
| 2013-14 | 17000 | 13774 |
| 2014-15 | 20000 | 14252 |
| 2015-16 | 20000 | 1089.46* |

(* 30.06.2015 വരെ)

പദ്ധതി നിർവ്വഹണത്തെ സാമ്പത്തിക പ്രതിസന്ധി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നു കൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനത്തിൽ നിന്നു കൊണ്ടുമാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതും പ്രഖ്യാപിക്കുന്നതും. പ്രഖ്യാപിത പദ്ധതികൾ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്.

| | |
|---|---|
| (ബി) പദ്ധതി ചെലവുകൾക്കായി നീക്കിവെച്ച തുക കണ്ടെത്താൻ സാധിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ നാലുവർഷം പ്രഖ്യാപിത പദ്ധതികൾ എത്ര ശതമാനം വരെ വെട്ടിച്ചുരുക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാൻ സാധിക്കുമോ? | പദ്ധതി ചെലവുകൾക്കായി പ്രഖ്യാപിച്ച തുകകൾ കണ്ടെത്താൻ സാധിക്കാത്തതു കാരണം പദ്ധതി പ്രവർത്തനങ്ങളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ